# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3258 — 19/06/2019-ൽ മറുപടിയ്ക്ക്

## ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട മുഴുവൻ പേർക്കും ലൈഫ് ഭവന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുമോ; | എ) | തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാക്കുന്നതാണ്. |
| ബി) | ഈ ലിസ്റ്റിൽ നിന്നും ഓരോ വർഷത്തേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; വ്യക്തമാക്കാമോ; | ബി) | ഓരോ വർഷത്തേയ്ക്കുള്ള ഗുണഭോക്താക്കളെ അല്ല തിരഞ്ഞെടുക്കുന്നത്. ലൈഫ് മിഷൻ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ നിന്നും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ അർഹരായ ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിനനുസരിച്ചാണ് ധനസഹായം ലഭ്യമാകുന്നത്. ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ :<br>1) ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.<br>2) സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള |

| | | | |
|---|---|---|---|
| | | | കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>3) വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>4) ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടിക വർഗ്ഗത്തിന് ബാധകമല്ല.)<br>5) ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലു ചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവരെ ഒഴിവാക്കേണ്ടതാണ്. |
| സി) | അപേക്ഷകന്റെ കൈവശമുള്ള സ്ഥലത്തിന്റെ വിസ്തൃതിക്ക് പരിധി നിലവിലുണ്ടോ; വ്യക്തമാക്കാമോ? | സി) | ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ചു സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ പരിഗണിയ്ക്കില്ല. (പട്ടിക വർഗ്ഗത്തിന് ബാധകമല്ല) |

സെക്ഷൻ ഓഫീസർ